**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ എൻ.സുരേഷ് കുമാർ, (മുൻ ഹെഡ് ക്ലാർക്ക്, ബ്ലോക്ക് ഓഫീസ്, റാന്നി) ഫയൽ ചെയ്ത OA 700/2016 നമ്പർ കേസിന്മേലുള്ള 28/09/2016 ലെ വിധിന്യായം നടപ്പിലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ. 310/2017/തസ്വഭവ, തിരുവനന്തപുരം, തീയതി: 02.02.2017

---

പരാമർശം :1. ഗ്രാമവികസന കമ്മീഷണറുടെ 25/08/2004-ലെ നം. 23383/എസ്റ്റാഎ 2/ 99/സി.ആർ.ഡി നമ്പർ കത്ത്.

2. 19/03/2014-ലെ 61122/ഇ.ആർ.ബി3/12/ത.സ്വ.ഭ.വ നമ്പർ കത്ത്
3. എൻ.സുരേഷ് കുമാർ സമർപ്പിച്ച 21/06/2016 ലെ നിവേദനം.
4. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 700/2016 മേലുള്ള 28/09/2016 ലെ വിധിന്യായം.
5. ഗ്രാമവികസന കമ്മീഷണറുടെ 23/11/2016 ലെ 18542/എസ്റ്റാഎ 2/16/ സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഗ്രാമവികസന വകുപ്പിലെ റാന്നി ബ്ലോക്കിലെ മുൻ ഹെഡ് ക്ലാർക്കായ എൻ.സുരേഷ് കുമാർ, തനിക്ക് നിഷേധിക്കപ്പെട്ട കമ്പാഷണേറ്റ് പെൻഷനും ഗ്രാറ്റുവിറ്റിയും അനുവദിച്ചു തരണമെന്ന് ആവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA 700/2016 മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 28/09/2016 ലെ വിധിന്യായം ഇപ്രകാരമായിരുന്നു.

'' There will be a direction to the first respondent to consider and pass orders on Annexure M-1 representation in accordance with law, after affording an opportunity of being heard to the applicant, within a period of three months from the date of receipt of a certified copy of this order.''

ശ്രീ. സുരേഷ് കുമാർ കോഴഞ്ചേരി താലൂക്കാഫീസിൽ ജോലി യു.ഡി.ക്ലാർക്കായി ചെയ്തിരുന്ന സമയത്ത് 1992-93-ലെ വെള്ളപ്പൊക്ക ദുരിതാശ്വാസഫണ്ട് തിരിമറി നടത്തിയതിന്റെ പേരിൽ വിജിലൻസ് കേസ് എടുക്കുകയും പ്രസ്തുത കുറ്റത്തിന് വിജിലൻസ് & എൻക്വയറി കമ്മീഷണർ സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം 3 വർഷത്തെ ജയിൽ ശിക്ഷയും 10,000/- രൂപ പിഴയും ചുമത്തി ശിക്ഷ വിധിക്കുകയുമുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതി കീഴ്ക്കോടതി വിധി സ്റ്റേ ചെയ്തുവെങ്കിലും ടിയാൾക്കെതിരെ ഗ്രാമവികസന കമ്മീഷണർ അച്ചടക്കനടപടി സ്വീകരിക്കുകയും പരാമർശം (1) പ്രകാരം ടിയാനെ പിരിച്ച് വിടുകയുമുണ്ടായി. ഇതിനെതിരെ അപേക്ഷകൻ സർക്കാരിന് അപ്പീൽ സമർപ്പിക്കുകയും പരാമർശം (2) പ്രകാരം ടി അപ്പീൽ സർക്കാർ നിരസിക്കുകയും ചെയ്തു.

എന്നാൽ ഇതേ കേസിൽ പ്രതികളായ റവന്യൂവകുപ്പിലെ ജീവനക്കാർക്ക് കംപാഷണേറ്റ് പെൻഷൻ ഉൾപ്പെടെ എല്ലാ വിധ സർവ്വീസ് ആനുകൂല്യങ്ങളും അനുവദിക്കുകയുണ്ടായെന്നും പ്രസ്തുത വകുപ്പിൽ നിന്നും ഓപ്ഷൻ വാങ്ങി ഗ്രാമവികസന വകുപ്പിൽ വന്ന തനിയ്ക്ക് ആയത് നിഷേധിച്ചെന്നും, ഒരേ കേസിൽ പ്രതിയായവരിൽ തനിക്ക് മാത്രം നീതി നിഷേധിച്ചത് മനുഷ്യത്വരഹിതവും, ഭരണഘടനാവിരുദ്ധവുമാമണന്നും ആയതിനാൽ തനിയ്ക്കും കംപാഷണേറ്റ് പെൻഷനും ഗ്രാറ്റുവിറ്റിയും അനുവദിച്ച് തരണമെന്ന് ആവശ്യപ്പെട്ട ടിയാൻ 21/06/2016-ൽ സർക്കാരിന് പരാമർശം (3) മുഖേന നിവേദനം സമർപ്പിച്ചു.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.എൻ.സുരേഷ് കുമാറിനെ 02/12/2016-ൽ തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. പരാമർശം (3) ലെ അപേക്ഷയിൽ ഉന്നയിച്ച ആവശ്യങ്ങൾ ഹിയറിംഗ് വേളയിൽ ബോധിപ്പിച്ചു

പരാമർശം (5) ലെ ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർവ്വീസിൽ നിന്നും പിരിച്ചുവിടപ്പെട്ട ജീവനക്കാരന് യാതൊരു ആനുകൂല്യങ്ങൾക്കും അർഹതയില്ല. എന്നിരുന്നാലും ചട്ടം 5A, കെ.എസ്.ആർ. ഭാഗം III പ്രകാരം സേവനത്തിൽ നിന്നും പിരിച്ച് വിട്ട ഒരാൾക്ക് പ്രത്യേക പരിഗണന അർഹിക്കുന്നുയെന്ന് മേലധികാരിക്ക് തോന്നുന്നപക്ഷം പിരിച്ചുവിടപ്പെട്ടയാൾക്ക് ഔദാര്യമായി അനുതാപബത്ത അനുവദിക്കാവുന്നതാണ്. അത് പിരിച്ചുവിടപ്പെട്ടയാൾക്ക് ലഭിക്കുന്ന അവകാശമല്ല. ആയതിനാൽ ടിയാന്റെ നിയമനാധികാരിയും പിരിച്ചുവിടാൻ പര്യാപ്തനായ അധികാരിയും, ഗ്രാമവികസന കമ്മീഷണർ ആകയാൽ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ശ്രീ.എൻ.സുരേഷ് കുമാറിന് അനുതാപബത്ത അനുവദിക്കുന്നതിന് ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവാകുന്നു.

ശ്രീ.എൻ.സുരേഷ് കുമാറിന് അനുതാപബത്ത അനുവദിക്കേണ്ട പ്രത്യേക സാഹചര്യം നിലവിലുണ്ടോയെന്ന് പരിശോധിക്കുന്നതിനായി ടിയാന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് കളക്ടറുടെ റിപ്പോർട്ട്, ടിയാന്റെ ഇപ്പോഴത്തെ വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഗ്രാമവികസന കമ്മീഷണർ വാങ്ങി പരിശോധിക്കേണ്ടതാണ്. ടിയാൻ അർഹനാണെങ്കിൽ അനുതാപബത്ത അനുവദിക്കുവാൻ തീരുമാനിക്കുന്ന പക്ഷം ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ആഡിറ്റ് ആഫീസറുടെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.എൻ.സുരേഷ് കുമാറിനെ പിരിച്ചുവിട്ട തീയതിയിൽ സ്വാഭാവികമായി റിട്ടയർ ചെയ്യുമായിരുന്നെങ്കിൽ കിട്ടുമായിരുന്ന പെൻഷൻ തുകയുടെ മൂന്നിൽ രണ്ടു ഭാഗത്തിൽ കവിയാത്ത തുക, അനുതാപബത്തയായി അനുവദിക്കാവുന്നതാണ്.

1) 16/05/2002 ലെ സർക്കുലർ നം. 30/2002/ധന പ്രകാരം സഹതാപാർഹമായ കേസുകളിൽ, ഭാവി പ്രാബല്യത്തിൽ (ഉത്തരവാകുന്ന തീയതി മുതൽ) മാത്രമേ അനുതാപബത്ത അനുവദിക്കാവൂ.

2) അനുതാപബത്ത അപ്പഴപ്പോൾ അനുവദിക്കുന്ന നിരക്കിലുള്ള ഏറ്റവും കുറഞ്ഞ പെൻഷനിൽ കുറയരുത് (ചട്ടം 5 (a) യുടെ അടിയിലെ ഗവ.തീരുമാനം).

3) അനുതാപബത്ത കമ്മ്യൂട്ട് ചെയ്യാവുന്നതാണ് (rules in Appendix X, KSR Part III).

4) കുടുംബപെൻഷൻ അനുവദനീയമല്ല, ക്ഷാമാശ്വാസം ലഭിക്കും.

5) ടി ജീവനക്കാരനെ പിരിച്ച് വിടുവാൻ പര്യാപ്തനായ അധികാരി തന്നെയാണ് അനുതാപബത്ത അനുവദിക്കാൻ പര്യാപ്തനായ അധികാരി.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സന്തോഷ് കുമാർ എസ്.ആർ**
ഡെപ്യൂട്ടി സെക്രട്ടറി

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2) അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3) ശ്രീ.എൻ.സുരേഷ് കുമാർ, മുൻ ഹെഡ് ക്ലാർക്ക്, ബ്ലോക്ക് ഓഫീസ്, റാന്നി, പത്തനംതിട്ട (ഗ്രാമവികസന കമ്മീണർ മുഖേന)
4) അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6) വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & newmedia)
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Beena
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.